# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മാർച്ച് 27<br>March 27 | 2020 |
|---|---|

**1195 മീനം 14 വെള്ളി**

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**കോവിഡ് 19:**
**കടകളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ഒരു മീറ്റർ അകലം പാലിക്കാൻ രേഖ മാർക്ക് ചെയ്യണം: ജില്ലാ കളക്ടർ**

അവശ്യസാധന സാമഗ്രികൾ വിൽക്കുന്ന എല്ലാകടകളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും പൊതുജനങ്ങൾ ഒരു മീറ്റർ അകലം പാലിക്കുന്നതിനായി രേഖകൾ മാർക്ക് ചെയ്യണമെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് ഉത്തരവിറക്കി. കോവിഡ് 19 വ്യാപനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായാണിത്. അവശ്യസാധന സാമഗ്രികൾ വിൽക്കുന്ന കടകളുടെ മുൻവശത്ത് കടയുടമകൾ ഒരു മീറ്റർ വീതം അകലം പാലിച്ച് രേഖകൾ വരയ്ക്കണം. ഇത് കടയുടമകൾ ഉറപ്പുവരുത്തണം. കടകളിൽ ഒരു മീറ്റർ അകലത്തിൽ രേഖ അടയാളപെടുത്തിയിട്ടു ോയെന്നുതഹസിദാർമാരുടെ നേതൃത്വത്തിൽ പരിശോധിക്കും. രേഖ അടയാളപ്പെടുത്താത്ത കടകളും കടയിലെത്തുന്നവർ കൃത്യ അകലം പാലിക്കുന്നില്ലെന്നും ശ്രദ്ധയിൽപെട്ടാൽ കട അടച്ചു പൂട്ടും.പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു മീറ്റർ അകലത്തിൽ രേഖകൾ വരക്കുന്നത് ഉറപ്പുവരുത്തേ ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു മീറ്റർ അകലം പാലിച്ച് രേഖപ്പെടുത്തിയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ പരിശോധിച്ച് ഉറപ്പു വരുത്തി ഡി.ഡി.പിക്ക് റിപോർട്ട് നൽകണം. അവശ്യസാധന സാമഗ്രികൾ വിൽക്കുന്ന കടകളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഒരു മീറ്റർ അകലം പാലിച്ച് രേഖ വരക്കുന്നതിനായി മാതൃകാ ചിത്രവും ജില്ലാ ഭരണകൂടം പുറത്തിറക്കി.

**ഫോട്ടോ: ഡിസ്റ്റന്‍സ് പോസ്റ്റര്‍:-**

അവശ്യസാധന സാമഗ്രികള്‍ വില്‍ക്കുന്ന കടകളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ഒരു മീറ്റര്‍ അകലം പാലിച്ച് രേഖ വരക്കുന്നതിനായി ജില്ലാ ഭരണകൂടം പുറത്തിറക്കിയ മാതൃകാ ചിത്രം.

(പിഎന്‍പി 1383/20)

## അടൂര്‍ മണ്ഡലത്തില്‍ കമ്യൂണിറ്റി കിച്ചണ്‍ പ്രവര്‍ത്തനം ആരംഭിച്ചു

കോവിഡ് 19 തടയുന്നതിന്റെഭാഗമായി ലോക്ക് ഡൗണ്‍ നിലനില്‍ക്കുന്ന സാഹചര്യത്തില്‍ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും നേതൃത്വത്തില്‍ അടൂര്‍ മണ്ഡലത്തില്‍ വിവിധയിടങ്ങളില്‍ കമ്മ്യൂണിറ്റി കിച്ചന്റെ പ്രവര്‍ത്തനം ആരംഭിച്ചു. കമ്യൂണിറ്റി കിച്ചണിന്റെ ഉദ്ഘാടനം ചിറ്റയം ഗോപകുമാര്‍ എം.എല്‍.എ നിര്‍വഹിച്ചു.

നിര്‍ദ്ധനര്‍, കിടപ്പു രോഗികള്‍, വയോജനങ്ങള്‍, നിരാശ്രയര്‍, അലഞ്ഞു നടക്കുന്നവര്‍, ഒറ്റപ്പെട്ടു കഴിയുന്നവര്‍ എന്നിവര്‍ക്ക് സന്നദ്ധപ്രവര്‍ത്തകര്‍ എത്തിച്ചു നല്‍കുമെന്നും എം.എല്‍.എ പറഞ്ഞു. സര്‍ക്കാര്‍ നിര്‍ദ്ദേശിച്ച കൊറോണ പ്രോട്ടോക്കോള്‍ പൂര്‍ണമായും പാലിച്ചുകൊ ാണ് കിച്ചണ്‍ പ്രവര്‍ത്തിക്കുന്നത്. കിച്ചണ്‍ തൊഴിലാളികള്‍ക്ക് മാസ്‌ക്, സാനിട്ടൈസര്‍, ഹാന്‍ഡ്‌വാഷ്, സോപ്പ് തുടങ്ങിയ എല്ലാ പ്രതിരോധ മുന്‍കരുതലുകളും ഉറപ്പുവരുത്തിയിട്ടു ്.

അടൂര്‍ മണ്ഡലത്തിലെ ഏഴു പഞ്ചായത്തിലും ര ് നഗരസഭയിലും കമ്മ്യൂണിറ്റി കിച്ചന്‍ ആരംഭിച്ചിട്ടു ്. പന്തളം നഗരസഭയില്‍ പന്തളം, കുരമ്പാല, അടൂര്‍ നഗരസഭയില്‍ അടൂര്‍ ടൗണ്‍, പറക്കോട്, ഏറത്ത് ചൂരക്കോട്, കടമ്പനാട് ,മണ്ണടി, പള്ളിക്കല്‍ ആലുംമൂട്, പെരിങ്ങനാട്, പന്തളം തെക്കേക്കര തട്ട ഗവ.എല്‍.പി.എസ്, ഏഴംകുളത്ത് മാങ്കൂട്ടം, ഏനാത്ത്, കൊടുമണ്‍, തുമ്പമണ്‍ എന്നിവിടങ്ങളിലാണു കമ്മ്യൂണിറ്റി കിച്ചന്‍ ആരംഭിച്ചത്. തദ്ദേശസ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും നേതൃത്വത്തില്‍ വോള ിയര്‍ സമിതികള്‍ രൂപീകരിച്ചാണു കമ്മ്യൂണിറ്റി കിച്ചണിന്റെ പ്രവര്‍ത്തനങ്ങള്‍ നടക്കുന്നത്.

***ഫോട്ടോ ഉ ്:- ചിറ്റയം കമ്മ്യുണിറ്റി കിച്ചണ്‍(1):-*** പന്തളംനഗര സഭയില്‍ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചണില്‍ ചിറ്റയം ഗോപകുമാര്‍ എംഎല്‍എ ചോറിനുള്ള അരി ഇടുന്നു.

***ചിറ്റയം കമ്മ്യുണിറ്റി കിച്ചണ്‍:-*** അടൂര്‍ നഗരസഭയില്‍ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചണ്‍ പ്രവര്‍ത്തനം ചിറ്റയം ഗോപകുമാര്‍ എം.എല്‍.എ നിരീക്ഷിക്കുന്നു.

(പിഎന്‍പി 1384/20)

## പത്തനംതിട്ട നഗരസഭയുടെ നേതൃത്വത്തില്‍ കമ്യൂണിറ്റി കിച്ചന്‍ പ്രവര്‍ത്തനം ആരംഭിച്ചു

പത്തനംതിട്ട നഗരസഭയുടെ നേതൃത്വത്തില്‍ കമ്യൂണിറ്റി കിച്ചന്‍ പ്രവര്‍ത്തനം തുടങ്ങി. നഗരസഭയുടെയും കുടുംബശ്രീ പ്രവര്‍ത്തകരുടെയും സഹകരണത്തോടെയാണു കിച്ചന്റെ പ്രവര്‍ത്തനങ്ങള്‍ നടത്തുന്നത്. സര്‍ക്കാര്‍ നിശ്ചയിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് നടപ്പിലാക്കുന്നത്. നിലവില്‍ ജനറല്‍ ആശുപത്രിയിലെ ഐസലേഷന്‍ വാര്‍ഡിലും കളക്ടറേറ്റിലും നഗരസഭ ആഹാരം എത്തിച്ചു നല്‍കുന്നു ്.

നഗരസഭ അധ്യക്ഷ റോസ്‌ലിന്‍ സന്തോഷ്, ഉപാധ്യക്ഷന്‍ എ.സഗീര്‍, സ്ഥിരംസമിതി അധ്യക്ഷരായ കെ.ജാസിംകുട്ടി, സിന്ധു അനില്‍, കൗണ്‍സിലര്‍മാരായ പി.കെ ജേക്കബ്,

റോഷൻ നായർ, പി.കെ അനീഷ്, പി.വി അശോക് കുമാർ, അൻസർ മുഹമ്മദ്, നഗരസഭ സെക്രട്ടറി എ.എം മുംതാസ്, സി.ഡി.എസ് ചെയർപേഴ്സൺ മോനി വറുഗീസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഉച്ചഭക്ഷണം ആവശ്യമുള്ളവർക്ക് രാവിലെ 10.30 ന് മുമ്പ് 0468 2222249 എന്ന നമ്പറിൽ ബന്ധപ്പെട്ട് കോൺടാക്ട് നമ്പർ ഉൾപ്പെടെ ബുക്ക് ചെയ്യാനുള്ള സൗകര്യം ഒരുക്കിയിട്ടു ്.

***ഫോട്ടോ അടിക്കുറിപ്പ്: പിടിഎ കമ്മ്യുണിറ്റി കിച്ചൻ:-*** പത്തനംതിട്ട നഗരസഭയുടെ നേതൃത്വത്തിൽ ആരംഭിച്ച കമ്യൂണിറ്റി കിച്ചണിൽ പാചകത്തിൽ ഏർപ്പെട്ടിരിക്കുന്ന നഗരസഭ അധ്യക്ഷ റോസ്ലിൻ സന്തോഷ്.

(പിഎൻപി 1385/20)

## കോഴഞ്ചേരി ഗ്രാമപഞ്ചായത്തിൽ കമ്മ്യുണിറ്റി കിച്ചണിൽ നിന്ന് ഭക്ഷണപ്പൊതികൾ ആവശ്യക്കാരിലേക്ക്

ജില്ലയിൽ കോവിഡ് 19 ന്റെ സാഹചര്യം പരിഗണിച്ച് വീടുകളിൽ കഴിയുന്ന പരസഹായം ഇല്ലാത്തവർക്കും വഴിയോരങ്ങളിൽ കഴിയുന്നവർക്കും ഭക്ഷണപ്പൊതികളുമായി കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്. വാർഡ്അംഗങ്ങളുടെ നേതൃത്വത്തിൽ അവർ ലഭ്യമാക്കിയിട്ടുള്ള ലിസ്റ്റ് പ്രകാരമാണ് കമ്മ്യുണിറ്റി കിറ്റണിൽ തയ്യാറാക്കിയ ഭക്ഷണം എത്തിക്കുന്നത്. വയോജനങ്ങൾ തനിച്ചുതാമസിക്കുന്ന വീടുകൾ, തൊഴിൽനഷ്ടപ്പെട്ട വരുമാനമില്ലാത്തവർ, ആഹാരം പാകംചെയ്തു നൽകിയിരുന്ന വീട്ടുജോലിക്കാർ, കൊറോണയുടെ സാഹചര്യത്തിൽ എത്താൻ കഴിയാത്ത വീടുകളിലെ അംഗങ്ങൾ എന്നിവർക്കാണു വീട്ടിൽ ഭക്ഷണം എത്തിച്ചു നൽകുന്നത്.കൂടാതെ നിരാലംബരായി വഴിയരികിൽ കാണപ്പെടുന്നവർക്കും ഭക്ഷണം നൽകും.

സർക്കാർ സൗജന്യറേഷൻ വീടുകളിൽ എത്തുന്നതുവരെയാണ് ആഹാരം എത്തിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് കോഴഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാംമോഹൻ പറഞ്ഞു. കൂടാതെ അതിഥി സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിലെത്തി അവരുടെ ആവശ്യം മനസിലാക്കി അരിയും, പലവ്യഞ്ജനങ്ങളും മറ്റ് അവശ്യവസ്തുക്കളും എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

***ഫോട്ടോ അടിക്കുറിപ്പ്: കോഴഞ്ചേരി(5):-*** കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച കമ്യൂണിറ്റി കിച്ചണിൽ പ്രസിഡന്റ് മിനി ശ്യാം മോഹന്റെ നേതൃത്വത്തിൽ ഉച്ചഭക്ഷണം തയാറാക്കുന്നു.

(പിഎൻപി 1386/20)

## തളിർ 20-20 വീട്ടിലിരുന്നൊരു മത്സരം

കോവിഡ് 19 വ്യാപനത്തിന്റെ ഭാഗമായി രാജ്യത്ത് ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ കുട്ടികൾക്ക് അവധിസമയങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് തളിർ 20-20 വീട്ടിലിരുന്നൊരു മത്സരം സംഘടിപ്പിക്കുന്നു. ചിത്രരചന, കഥ, കവിത എഴുത്ത്, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ ശേഖരിക്കൽ, ആസ്വാദന ക്കുറിപ്പ്, കൊളാഷ് നിർമാണം, ദിനപത്രം തയാറാക്കൽ, പത്രക്കടലാസുകൾ കൊ ുള്ള വിവിധ നിർമിതികൾ എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ.

കുട്ടികൾ പൂർണമായും വീട്ടിൽ തന്നെയിരുന്നായിരിക്കും മത്സരത്തിൽ പങ്കെടുക്കുക. എഴുതി തയാറാക്കിയ കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, കഥകൾ, കവിതകൾ എന്നിവ ഇ-

മെയിൽ വിലാസത്തിലൂടെ സമർപ്പിക്കണം. കുട്ടികൾ പങ്കെടുക്കുന്ന മത്സരത്തിന്റെ വീഡിയോകൾ മാതാപിതാക്കളിലൂടെ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ dcpupta@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കണം. ലഭ്യമാകുന്ന വീഡിയോകൾ ജില്ലാചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ ഫെയ്സ്ബുക്ക് പേജിലൂടെ ഷെയർചെയ്യുന്ന വീഡിയോകൾക്ക് ഏറ്റവും കൂടുതൽ ലൈക്ക് ലഭ്യമാകുന്നതിന് സമ്മാനം നൽകും. കുട്ടികളുടെ കലാസൃഷ്ടികൾ ഏപ്രിൽ 18 വരെ സമർപ്പിക്കാം. കൂടുതൽ വിവരം 0468 2319998, 8281954196, 9048460213 എന്നീ നമ്പരുകളിൽ ലഭിക്കും.

(പിഎൻപി 1387/20)

***ഫോട്ടോ അടിക്കുറിപ്പ് മാത്രം: ഹാൻഡ് സാനിട്ടൈസർ:-***

മാവേലിക്കര കൊല്ലകടവ് സാൻഗോസ് ലബോറട്ടറീസ് പത്തനംതിട്ട ജില്ലയ്ക്ക് നൽകിയ ഹാൻഡ് സാനിട്ടൈസർ പായ്ക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ ഷീജ, സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർ കെ.ഗോപാലൻ എന്നിവർ ചേർന്ന് ഏറ്റുവാങ്ങുന്നു.




.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| മാർച്ച് 27<br>March 27 | 2020 |
|---|---|

**1195 മീനം 14 വെള്ളി**

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


**സഹകരണ ബാങ്കുകൾ വഴി വീട്ടിലെത്തിക്കുന്ന**
**സാമൂഹ്യ സുരക്ഷപെൻഷനുകൾ വിതരണം തുടങ്ങി**

**ജില്ലയിലെ 43,041 പേർക്ക് 12.61 കോടി രൂപ പെൻഷനായി ലഭിക്കും**

സഹകരണ ബാങ്കുകൾ വഴി വീടുകളിൽ എത്തിക്കുന്ന സാമൂഹ്യസുരക്ഷ പെൻഷനുകൾ ജില്ലയിൽ മാർച്ച് 26 മുതൽ വിതരണം ചെയ്തു തുടങ്ങി. 2019 ഒക്ടോബർ, നവംബർ മാസങ്ങളിലെ പെൻഷൻ തുകയാണ് ജില്ലയിലെ 101 സഹകരണ ബാങ്കുകൾ മുഖേന വീടുകളിൽ എത്തിക്കുന്നത്. പെൻഷൻ വിതരണത്തിനുള്ള തുക ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക് നൽകിയിട്ടു ്.

ജില്ലയിലെ 43,041 പേർക്കാണ് സഹകരണ ബാങ്കുകൾ വഴി വീടുകളിൽ സാമൂഹ്യ സുരക്ഷ പെൻഷനുകൾ എത്തിക്കുന്നത്. ബാങ്കുകളിലെത്തി നേരിട്ട് കൈപ്പറ്റാൻ പ്രയാസം നേരിടുന്നവരാണു സഹകരണബാങ്ക് മുഖേന പണം വീടുകളിൽ എത്തിക്കുന്നത്.സഹകരണ ബാങ്കുകളിലെ കമ്മീഷൻ ഏജന്റുമാരാണു സാമൂഹ്യ പെൻഷൻ വീടുകളിൽ എത്തിക്കുന്നത്.

കോവിഡ് 19 ജില്ലയിൽ റിപോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ ആവശ്യമായ എല്ലാ മുൻകരുതലും സ്വീകരിച്ച് സർക്കാരിന്റെയും സഹകരണ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും നിർദേശങ്ങൾ പാലിച്ച് പെൻഷൻ വിതരണം പൂർത്തിയാക്കുമെന്ന് ജോയിന്റ് രജിസ്ട്രാർ എം.ജി പ്രമീള അറിയിച്ചു. പെൻഷൻ വിതരണത്തിന് നിയോഗിക്കപ്പെടുന്നവർക്ക് യാത്രചെയ്യുന്നതിന് ആവശ്യമായ രേഖ സഹകരണ ബാങ്കിൽനിന്നും നൽകാൻ ജോയിന്റ് രജിസ്ട്രാർ നിർദേശം നൽകിയിട്ടു ്.

ജില്ലയിൽ 101 സഹകരണ ബാങ്കുകൾ വഴി സാമൂഹ്യപെൻഷനുകൾ വീടുകളിൽ എത്തിക്കുന്നതിന് കർഷക പെൻഷൻ 1,52,32,800 രൂപ, വാർധക്യകാല പെൻഷൻ 7,79,93,000 രൂപ, ഭിന്നശേഷി പെൻഷൻ 1,23,00700 രൂപ, അവിവാഹിതരായ സ്ത്രീകൾക്കുള്ള സാമൂഹിക പെൻഷൻ 10,18,200 രൂപ, വിധവ പെൻഷൻ 1,97,71,800 രൂപ ഉൾപ്പെടെ മൊത്തം 12,61,16,500 രൂപയാണു ലഭിച്ചിട്ടുള്ളത്.

(പിഎൻപി 1388/20)

## ആറന്മുള മണ്ഡലത്തിൽ 18 കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചു: വീണാ ജോർജ് എം.എൽ.എ

കോവിഡ് 19 വ്യാപനം തടയുന്നതിന്റെ ഭാഗമായി ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ജില്ലയിലെ ആറന്മുള മണ്ഡലത്തിൽ 18 കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചതായി വീണാ ജോർജ് എം.എൽ.എ പറഞ്ഞു. മല്ലപ്പുഴശ്ശേരി പഞ്ചായത്ത് ഓഫീസിലെ കമ്മ്യൂണിറ്റി കിച്ചണിലെത്തി പാചക ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തുകയായിരുന്നു എം.എൽ.എ.

800 ൽ അധികം ആളുകൾക്കുള്ള ഭക്ഷണം ആറന്മുള മണ്ഡലത്തിൽ ഒരുക്കുന്നു ്. വീടുകളിൽ ഐസലേഷനിൽ കഴിയുന്നവർക്കും അതിഥി തൊഴിലാളികൾക്കും ഒറ്റയ്ക്ക് താമസിക്കുന്നവർക്കുമുള്ള ഭക്ഷണം കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിലാണു പാചകം ചെയ്യുന്നത്. ആറന്മുള വിമാനത്താവളത്തിനായി മാറ്റിവച്ച സ്ഥലങ്ങളിൽ താമസിക്കുന്ന 70 പേർക്കും കമ്മ്യൂണിറ്റി കിച്ചണിൽ ഭക്ഷണം തയ്യാറാക്കുന്നു ്. എല്ലാ കമ്മ്യൂണിറ്റി കിച്ചണിലേക്കും പ്രവേശിക്കുന്നതിനു മുൻപായി ഹാൻഡ് വാഷ് ഉപയോഗിച്ച് കൈകൾ വൃത്തിയാക്കണം. ചോറിനോടൊപ്പം സാമ്പാർ, തോരൻ, അച്ചാർ എന്നിവയാണു കൂട്ടാൻ. വരുംദിവസങ്ങളിൽ മെച്ചപ്പെട്ട രീതിയിൽ ഭക്ഷണം നൽകാനാകും.

ചില പഞ്ചായത്തുകളിൽ പഞ്ചായത്ത് പ്രസിന്റുമാരും കുടുംബശ്രീ പ്രവർത്തകരും ചേർന്നാണു പാചകം ചെയ്യുന്നത്. ചിലയിടങ്ങളിൽ കാറ്ററിംഗ് അസോസിയേഷനുകൾ സൗജന്യമായി ഭക്ഷണം പാകംചെയ്തു നൽകുന്നു ്. ചിലർ ഭക്ഷണത്തിനായുള്ള സാധനങ്ങൾ വാങ്ങി നൽകുന്നു ന്നും വീണാ ജോർജ് പറഞ്ഞു.

മല്ലപ്പുഴശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് ലതാ വിക്രമൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ എം.എസ് സുചിത്ര, ഗീതാ കൃഷ്ണൻ, റോസമ്മ മത്തായി, വൈസ് പ്രസിഡന്റ് മിനി ജിജി ജോസഫ്, സെക്രട്ടറി വസന്ത കുമാർ, അസി. സെക്രട്ടറി അശോക് കുമാർ, കുടുംബശ്രീ ചെയർപേഴ്സൺ ടി.ബി.എസ്. ബിന്ദു, വില്ലേജ് ഓഫീസർ സരളാദേവി, പഞ്ചായത്ത് മെമ്പർമാർ തുടങ്ങിയവർ ഭക്ഷണം പാചകം ചെയ്യാൻ കമ്മ്യൂണിറ്റി കിച്ചണിലു ായിരുന്നു.

### ഫോട്ടോ അടിക്കുറിപ്പ്: വീണാ:-

ആറന്മുള മല്ലപ്പുഴശ്ശേരിയിലെ പഞ്ചായത്ത് ഓഫീസിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചണിൽ പാചകത്തിൽ ഏർപ്പെട്ട വീണാ ജോർജ് എംഎൽഎ.

(പിഎൻപി 1389/20)

## മെഡിക്കൽ കഴിഞ്ഞു, ഇനി ഭയമില്ലാതെ പാചകംചെയ്യാം...

ആറന്മുള പഞ്ചായത്തിലെ കമ്മ്യൂണിറ്റി കിച്ചണിൽ പാചകം ചെയ്യണമെങ്കിൽ മെഡിക്കൽ ചെക്ക്അപ് കഴിയണം. ഹാൻഡ് വാഷ് ഉപയോഗിച്ച് കൈകഴുകാതെ കമ്മ്യൂണിറ്റി ഹാളിലേക്ക് ആരെയും കടത്തിവിടില്ലെന്ന ശാഠ്യവുമു ് ഇവർക്ക്. ഐശ്വര്യ

കുടുംബശ്രീ പ്രവർത്തകരായ ആറുപേരും ഭക്ഷണം പാചകംചെയ്യാനെത്തിയത് വല്ലനയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പോയി മെഡിക്കൽ ചെക്കപ്പ് കഴിഞ്ഞതിനുശേഷമാണ്. മാസ്ക് ധരിച്ച് വല്ലന എസ്.എൻ.ഡി.പി ഹാളിൽ സജ്ജീകരിച്ചിരിക്കുന്ന പാചക കലവറയിൽ ചോറും കറിയും തയ്യാറാക്കുന്ന തിരക്കിലാണ് പഞ്ചായത്ത് പ്രസിഡന്റ് ഐഷാ പുരുഷോത്തമനും കൂട്ടരും. ആറന്മുള പഞ്ചായത്തിൽമാത്രം 200 പേർക്കാണ് ഇവർ ഭക്ഷണം തയാറാക്കുന്നത്. ദുരന്തനിവാരണ അതോറിറ്റിയുടെ 10 വോള ിയർമാരുടെയും ഡി.വൈ.എഫ്.ഐ പ്രവർത്തകരുടെ 10 വോള ിയർമാരുടെയും സഹായത്തോടെയാണു ഭക്ഷണം എത്തിക്കുന്നത്. എസ്.എൻ.ഡി.പി. യൂണിയൻ വല്ലന ശാഖാ സെക്രട്ടറി സുരേഷ് മംഗലത്തിലാണു പാചകം ചെയ്യാനായി ഹാൾ സൗജന്യമായി നൽകിയത്. വൈസ് ചെയർമാൻ മനോജ് ആനന്ദഭവനും ഒരുകൈ സഹായത്തിനായി എപ്പോഴും കമ്മ്യൂണിറ്റി കിച്ചണിലു ്. പഞ്ചായത്ത് മെമ്പർമാരും സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിനിധികളും പാചകം ചെയ്യാനും മറ്റ് ആവശ്യങ്ങൾക്കുമായി ഇവർക്കൊപ്പമു ്.

**ഫോട്ടോ അടിക്കുറിപ്പ്: കിച്ചൺ വല്ലന:-**
ആറന്മുള വല്ലനയിലെ കമ്മ്യൂണിറ്റി കിച്ചണിൽ പാചകത്തിൽ ഏർപ്പെട്ടിരിക്കുന്നവർ.

(പിഎൻപി 1390/20)

## കോന്നി മണ്ഡലത്തിൽ എല്ലാ പഞ്ചായത്തുകളിലും കമ്യൂണിറ്റി കിച്ചൺ: കെ.യു ജനീഷ് കുമാർ എം.എൽ.എ

കോവിഡ് 19 തടയുന്നതിന്റെ ഭാഗമായി ലോക്ക് ഡൗൺ നിലനിൽക്കുന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും നേതൃത്വത്തിൽ കോന്നി മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനം ആരംഭിച്ചു. ആവശ്യമുള്ള എല്ലാവരിലേക്കും ഭക്ഷണമെത്തിച്ച് കമ്യൂണിറ്റി കിച്ചണിനെ കൂടുതൽ ജനകീയമാക്കുകയാണു ലക്ഷ്യമെന്നു കലഞ്ഞൂർ പഞ്ചായത്തിന്റെ കുടുംബശ്രീ കഫേയിൽ ആരംഭിച്ച കമ്യൂണിറ്റി കിച്ചൻ സന്ദർശിച്ച് അഡ്വ. കെ.യു ജനീഷ് കുമാർ എം.എൽ.എ പറഞ്ഞു.

ചിറ്റാർ, സീതത്തോട്, തണ്ണിത്തോട്, കോന്നി, കലഞ്ഞൂർ, ഏനാദിമംഗലം, മലയാലപ്പുഴ, മൈലപ്ര, പ്രമാടം, വള്ളിക്കോട്, അരുവാപ്പുലം എന്നീ പഞ്ചായത്തുകളിലാണ് കമ്യൂണിറ്റി കിച്ചൻ പ്രവർത്തനം ആരംഭിച്ചത്. തദ്ദേശ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും നേതൃത്വത്തിലാണ് കിച്ചണിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്.

കലഞ്ഞൂർ പഞ്ചായത്ത് പ്രസിഡന്റ് എം. മനോജ്, സെക്രട്ടറി ടി. സജീഷ്, പഞ്ചായത്ത് അംഗങ്ങളായ സിബി ഐസക്, പി.എസ് രാജു, കുടുംബശ്രീ സി.ഡി.എസ് നിഷാ ഷെരീഫ്. മുൻ പഞ്ചായത്ത് അംഗം ഗോപി റോയ് എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: കോന്നി കിച്ചൺ:-***
കലഞ്ഞൂർ പഞ്ചായത്തിൽ ആരംഭിച്ച കമ്യൂണിറ്റി കിച്ചൻ അഡ്വ. കെ.യു ജനീഷ് കുമാർ എം.എൽ.എ സന്ദർശിച്ചപ്പോൾ.

(പിഎൻപി 1391/20)

## തിരുവല്ല മണ്ഡലത്തിൽ എല്ലാ പഞ്ചായത്തുകളിലും കമ്യൂണിറ്റി കിച്ചണുകൾ ഒരുങ്ങി: മാത്യു. ടി തോമസ് എം.എൽ.എ

തിരുവല്ല നിയോജക മണ്ഡലത്തിന് കീഴിലുള്ള എല്ലാ ഗ്രാമപഞ്ചായത്തുകളിലും കമ്മ്യൂണിറ്റി കിച്ചൺ ഒരുങ്ങിയതായി മാത്യു.ടി തോമസ് എം.എൽ.എ പറഞ്ഞു.

കുന്നന്താനം, നെടുമ്പ്രം ഗ്രാമപഞ്ചായത്തുകളിലെ കമ്മ്യൂണിറ്റി കിച്ചണുകൾ സന്ദർശിച്ചശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗ്രാമപഞ്ചായത്തുകളുടെയും കുടുംബശ്രീയുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയാണ് കമ്മ്യൂണിറ്റി കിച്ചണുകൾ ഒരുങ്ങിയിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

മല്ലപ്പള്ളി താലൂക്കിനു കീഴിൽ ജീവിത ശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും മറ്റും മരുന്നു വാങ്ങിയിരുന്ന രോഗികൾക്ക് താലൂക്ക് ആശുപത്രിയുടെയും പാലിയേറ്റീവ് സൊസൈറ്റികളുടെയും നേതൃത്വത്തിൽ വീടുകളിലേക്കു മരുന്നെത്തിക്കുവാനുള്ള നടപടികളും ആരംഭിച്ചതായി എം.എൽ.എ പറഞ്ഞു. തിരുവല്ല നഗരസഭ, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്, ആനിക്കാട് ഗ്രാമപഞ്ചായത്ത് തുടങ്ങിയ സ്ഥലങ്ങളിലെ കമ്മ്യൂണിറ്റി കിച്ചണുകളും എം.എൽ.എ സന്ദർശിച്ചു.

കുന്നന്താനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ രാധാകൃഷ്ണകുറുപ്പ്, നെടുമ്പ്രം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജി സുനിൽ കുമാർ, ജില്ലാ പഞ്ചായത്തംഗം എസ്.വി സുബിൻ, പുളിക്കീഴ് ബ്ലോക്ക്പഞ്ചായത്തംഗം ബിനിൽ കുമാർ, കുന്നന്താനം പഞ്ചായത്ത് സെക്രട്ടറി ഡി.ലക്ഷ്മി, നെടുമ്പ്രം പഞ്ചായത്ത് സെക്രട്ടറി ആർ.രാജേഷ്, കുന്നന്താനം സി.ഡി.എസ് ചെയർപേഴ്സൺ കമലമ്മ, ഗ്രാപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ എം.എൽ.എയോടൊപ്പം സ്ഥലം സന്ദർശിച്ചു.

***ഫോട്ടോ ഉ ്:- തിരുവല്ല കിച്ചൺ:-***

തിരുവല്ല നിയോജക മണ്ഡലത്തിലെ കുന്നന്താനം കമ്മ്യൂണിറ്റി കിച്ചണിൽ പാർലസൽ തയ്യാറാക്കുന്ന മാത്യു.ടി തോമസ് എം.എൽ.എ.

(പിഎൻപി 1392/20)

## ഹോമിയോപ്പതി മരുന്ന് വീട്ടിലെത്തിക്കും: ഡിഎംഒ

ആവശ്യമായവർക്ക് ഹോമിയോപ്പതി മരുന്ന് വീടുകളിൽ എത്തിക്കുമെന്ന് ഹോമിയോപ്പതി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഡി. ബിജുകുമാർ അറിയിച്ചു. ഏതെങ്കിലും അസുഖങ്ങൾക്ക് സ്ഥിരമായി ഹോമിയോപ്പതി മരുന്നുകൾ കഴിച്ചുകൊ ിരിക്കുന്ന ആളുകൾക്ക് മരുന്ന് തീർന്നു പോയാൽ കാണിച്ചു കൊ ിരിക്കുന്ന ഡോക്ടർമാരെ ഫോണിൽ ബന്ധപ്പെട്ട ശേഷം മരുന്ന് തുടരാൻ നിർദേശിക്കും. മരുന്ന് വാങ്ങാൻ ബുദ്ധിമുട്ട് നേരിട്ടാൽ ഹോമിയോപ്പതി വകുപ്പിനെ ഫോണിൽ ബന്ധപ്പെടാം. ആവശ്യമായ മരുന്ന് പത്തനംതിട്ട ജില്ലയിൽ ഉള്ളവർക്ക് വീടുകളിൽ സൗജന്യമായി എത്തിച്ചു നൽകുമെന്നും ഡിഎംഒ പറഞ്ഞു. ഹെൽപ്പ്ലൈൻ: 9446355981, 9497007171, 9072615303.

(പിഎൻപി 1393/20)

## സുഖമായി വീട്ടിലിരിക്കൂ; ടെൻഷൻ വന്നാൽ വിളിക്കൂ

കോവിഡ് 19 ഭീതി, മാനസിക വൈഷമ്യം എന്നിവ നേരിടുന്ന വീട്ടമ്മമാർക്കും കോളജ് വിദ്യാർഥിനികൾക്കും സ്ത്രീകൾക്കും ഹോമിയോപ്പതി വകുപ്പിന്റെ പത്തനംതിട്ട ജില്ലയിലെ സീതാലയം സ്ത്രീ സൗഹൃദ പദ്ധതിയിലെ ഡോക്ടർമാരെ വിളിക്കാമെന്ന് ഹോമിയോപ്പതി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഡി. ബിജു കുമാർ അറിയിച്ചു. മാർഗനിർദേശങ്ങൾ, കൗൺസലിംഗ്, ആരോഗ്യസുരക്ഷയും ഹെൽപ്പ് ലൈനിൽ ലഭ്യമാകും. രാവിലെ 10 മുതൽ

വൈകുന്നേരം അഞ്ചുവരെയാണ് സേവനം. ഹെൽപ്പ്ലൈൻ: ഡോക്ടർമാർ- 9496807448, 9846414908, 9846162871, സൈക്കോളജിസ്റ്റ്- 9544577230.

(പിഎൻപി 1394/20)




.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **മാർച്ച് 27**<br>**March 27** | **2020** |

**1195 മീനം 14 വെള്ളി**

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**റാന്നി നിയോജകമണ്ഡലത്തിലും സാമൂഹ്യ അടുക്കള തുടങ്ങി**

റാന്നി നിയോജകമണ്ഡലത്തിലെ അങ്ങാടി, റാന്നി, വടശേരിക്കര, റാന്നി- പെരുനാട്, പഴവങ്ങാടി എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം ആരംഭിച്ചു.

വാർഡ് മെമ്പർമാർ ചെയർമാൻമാരായുള്ള സമിതി ലിസ്റ്റുകൾ തയാറാക്കി പഞ്ചായത്ത് പ്രസിഡന്റ്, കുടുംബശ്രീ -സിഡിഎസ് ചെയർപേഴ്സൺമാർ എന്നിവർക്ക് തലേദിവസം ലിസ്റ്റ് നൽകണം. ഭക്ഷണ സൗകര്യം ഇല്ലാത്തവർ, അതിഥി തൊഴിലാളികൾ , ഡ്യൂട്ടിയിലുള്ള പോലീസ് -സർക്കാർ ജീവനക്കാർ തുടങ്ങിയവർക്കാണ് കമ്മ്യൂണിറ്റി കിച്ചൺ വഴി ഭക്ഷണം നൽകുക. സ്പോൺസർമാർ നൽകുന്ന സാധനങ്ങളും പഞ്ചായത്ത് പ്ലാൻഫ ും ഉപയോഗിച്ചാണു സാമൂഹ്യഅടുക്കള പ്രവർത്തിക്കുക. അങ്ങാടി പഞ്ചായത്തിൽ പുളിമുക്കിലെ ന്യൂ ഇന്ത്യ ചർച്ചിലെ പാസ്റ്റർ പ്രിൻസ് തു ത്തിലിന്റെ വീട്ടിലും, വടശേരിക്കരയിലെ ഡിടിപിസി സെന്ററിലും, റാന്നി പെരുനാട് ക്ഷേത്രത്തിലും, പഴവങ്ങാടിയിലെ മർച്ചന്റ് അസോസിയേഷൻ കെട്ടിടത്തിലും, റാന്നിയിൽ കുടുംബശ്രീ ചെയർപേഴ്സൺ ഉഷാ രാജന്റെ ഭവനത്തിലുമാണ് കിച്ചണുകൾ പ്രവർത്തിക്കുക. ഭക്ഷണം എത്തിച്ചു നൽകുന്ന വോള ിയർമാരുടെ പട്ടിക പഞ്ചായത്തിന് നൽകണം.

തുണയില്ലാത്ത ജീവിക്കുന്ന രോഗികൾക്കും ഭക്ഷണം എത്തിച്ചുനൽകും. പഞ്ചായത്ത് വാഹനങ്ങൾക്കുപുറമെ മാർ ക്രിസോസ്റ്റം പാലിയേറ്റീവ് കെയർ, പെരുനാട് സുകർമ്മ ഹെൽത്ത് ഫൗ േ ഷൻ തുടങ്ങിയവരുടെ വാഹനങ്ങളും പ്രവർത്തനത്തിന് സഹായിക്കും.

രാജു ഏബ്രഹാം എം എൽ എ, തഹസിൽദാർ സാജൻ വി കുര്യാക്കോസ് എന്നിവർ വിവിധ യോഗങ്ങളിൽ പങ്കെടുത്തു. അങ്ങാടി വൈ എം സി ഹാളിൽ ചേർന്ന

യോഗത്തിൽ വൈസ് പ്രസിഡന്റ് ദീനാമ്മ സെബാസ്റ്റ്യൻ, റാന്നി സി.ഐ വിപിൻ ഗോപിനാഥ് എന്നിവരും വടശേരിക്കരയിൽ പഞ്ചായത്ത് പ്രസിഡന്റ് ഷാജി മാനാപ്പള്ളി, സി.ഐ മനോജ്, മണിയാർ രാധാകൃഷ്ണൻ, സ്വപ്ന സൂസൻ എന്നിവരും പെരുനാട്ടിൽ പഞ്ചായത്ത് പ്രസിഡന്റ് ബീനാ സജി, എസ്.ഐ എം സലീം എന്നിവരും റാന്നിയിൽ പഞ്ചായത്ത് പ്രസിഡന്റ് ശശികല രാജശേഖരൻ, ബ്ലോക്ക് പഞ്ചായത്തംഗം ബിനോയി കുര്യാക്കോസ്, വില്ലേജ് ഓഫീസർ സിന്ധു എന്നിവരും പഴവങ്ങാടിയിൽ പഞ്ചായത്ത് പ്രസിഡന്റ് ജോസഫ് കുര്യാക്കോസ് , മെഡിക്കൽ ഓഫീസർ ഡോ. അബിദാ മോൾ എന്നിവരും പങ്കെടുത്തു.

ഇന്ന് (28) രാവിലെ 10.30 ന് വെച്ചൂച്ചിറ, 11 ന് നാറാണംമൂഴി, പകൽ ര ിന് അയിരൂർ മൂന്നിന് ചെറുകോൽ എന്നിവിടങ്ങളിൽ യോഗം ചേർന്നു കിച്ചണുകൾ തുടങ്ങും.

***ഫോട്ടോ അടിക്കുറിപ്പ്:***
***പെരുനാട് കമ്യൂണിറ്റി കിച്ചൺ:-*** പെരുനാട്ടിൽ ആരംഭിച്ച കമ്യൂണിറ്റി കിച്ചണിൽ നിന്ന് രാജു ഏബ്രഹാം എംഎൽഎ ഭക്ഷണം കഴിക്കുന്നു.

(പിഎൻപി 1395/20)

## കോവിഡ് 19: ജില്ലയിൽ വെന്റിലേറ്റർ വാങ്ങുന്നതിന് ബിപിസിഎൽ 55 ലക്ഷം രൂപ അനുവദിച്ചു

പൊതുമേഖലാ കമ്പനിയായ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) കോവിഡ് 19 പ്രതിരോധ നടപടിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ വെന്റിലേറ്റർ, പോർട്ടബിൾ വെന്റിലേറ്റർ തുടങ്ങിയ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് 55 ലക്ഷം രൂപ അനുവദിച്ചു. പത്തനംതിട്ട ജനറൽ ആശുപത്രി, കോഴഞ്ചേരി ജില്ലാ ആശുപത്രി എന്നിവിടങ്ങളിലേക്കാണ് ബിപിസിഎല്ലിന്റെ സാമൂഹ്യ പ്രതിബദ്ധത പദ്ധതിയിൽ ഉൾപ്പെടുത്തി ഉപകരണങ്ങൾ വാങ്ങുന്നത്.

വീണാ ജോർജ് എംഎൽഎ, ജില്ലാ കളക്ടർ പി.ബി.നൂഹ് എന്നിവരുമായി ബിപിസിഎൽ പ്രതിനിധികൾ നടത്തിയ ചർച്ചകളെ തുടർന്നാണ് പത്തനംതിട്ട ജനറൽ ആശുപത്രി, കോഴഞ്ചേരി ജില്ലാ ആശുപത്രി എന്നിവിടങ്ങളിലേക്ക് അടിയന്തരമായി ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങാൻ തീരുമാനിച്ചത്. ജില്ലാ കളക്ടറുമായുള്ള ധാരണാപത്രം അനുസരിച്ച് ബിപിസിഎൽ നൽകുന്ന 55 ലക്ഷം രൂപ ഉപയോഗിച്ച് പൊതുമേഖലാസ്ഥാപനമായ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും അ ടിയന്തര മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി ഉപയോഗപ്പെടുത്തും.

പ്രതിസന്ധി ഘട്ടത്തിൽ പത്തനംതിട്ട ജില്ലയിലെ ജനങ്ങൾക്ക് സഹായംചെയ്യുക എന്നത് ഉത്തരവാദിത്തമുള്ള പൊതുമേഖലാ സ്ഥാപനമെന്ന നിലയ്ക്ക് ബിപിസിഎല്ലിന്റെ കടമയാണെന്ന് ബിപിസിഎൽ പബ്ലിക് റിലേഷൻസ് വിഭാഗം ജനറൽ മാനേജർ ജോർജ് തോമസ് പറഞ്ഞു.

ഒരു മാസത്തിനിടെ പത്തനംതിട്ട ജില്ലയുമായി ബിപിസിഎൽ സഹകരിക്കുന്ന രാ ാമത്തെ പദ്ധതിയാണ് ഇത്. ശബരിമല തീർഥാടകർക്കായി തീർഥാടക വിശ്രമകേന്ദ്രങ്ങളിൽ 61 ശുചിമുറികൾ സ്ഥാപിക്കുന്നതിന് അടുത്തിടെ പത്തനംതിട്ട ജില്ലാ കളക്ടറുമായി ബിപിസിഎൽ ധാരണാപത്രം ഒപ്പുവച്ചിരുന്നു. ബിപിസിഎൽ നൽകുന്ന 85 ലക്ഷം രൂപ ഉപയോഗിച്ച് ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ നിർമിതികേന്ദ്രം നടപ്പാക്കുന്ന പദ്ധതിക്കു തുടക്കം കുറിച്ചു കഴിഞ്ഞു. ര ു പദ്ധതികൾക്കും കൂടി ആകെ 1.40 കോടി രൂപയാണ് പത്തനംതിട്ട ജില്ലയ്ക്കായി ബിപിസിഎൽ അനുവദിച്ചിരിക്കുന്നത്.

(പിഎൻപി 1396/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മാർച്ച് 27<br>March 27 | 2020 |
|---|---|

**1195 മീനം 14 വെള്ളി**

# പത്രക്കുറിപ്പ് -4

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**ലോക് ഡൗൺ ലംഘനം ഇന്നലെ(27) മാത്രം**
**326 കേസ്, 345 പേർ അറസ്റ്റിൽ**

ലോക് ഡൗൺ നിർദ്ദേശങ്ങളുടെ ലംഘനത്തിന് ജില്ലയിൽ ഇന്നലെ(മാർച്ച് 27) മാത്രം 326 കേസ് രജിസ്റ്റർ ചെയ്തു. വീടുകളിൽ നിരീക്ഷണത്തിൽ കഴിയേ  വർ അത് ലംഘിച്ചതിന് അഞ്ചു കേസും എടുത്തിട്ടു ്. 271 വാഹനങ്ങൾ പിടിച്ചെടുക്കുകയും 345 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. വരുംദിവസങ്ങളിലും ലംഘനങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ തുടരുമെന്നും പിടിച്ചെടുക്കുന്ന വാഹനങ്ങൾ ലോക് ഡൗൺ കാലാവധി കഴിഞ്ഞുമാത്രമേ തിരികെ ഉടമസ്ഥന് നൽകുകയുള്ളൂ എന്നും ജില്ലാ പോലീസ് മേധാവി കെ.ജി സൈമൺ അറിയിച്ചു.

ലോക് ഡൗൺ, ക്വാറന്റൈൻ നിർദ്ദേശങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളും ജില്ലാഭരണകൂടവും തുടർച്ചയായി പൊതുജനങ്ങൾക്ക് ബോധവത്ക്കരണവും മുന്നറിയിപ്പുകളും നൽകുമ്പോഴും അത് അവഗണിച്ച് വാഹനങ്ങളുമായി വ്യക്തമായ കാരണങ്ങളില്ലാതെ ചിലർ പുറത്തിറങ്ങുന്നു ്. കൂടാതെ ക്വാറന്റീനിൽ കഴിയുന്നവരും വീടുവിട്ട് ചുറ്റിത്തിരിയുന്ന സാഹചര്യവും നിലനിൽക്കുന്നതിനാൽ പോലീസ് നടപടി ശക്തമായിതുടരും. ഒന്നിലധികം തവണ നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ഡ്രൈവറുടെ ലൈസൻസ് റദ്ദാക്കുകയും ചെയ്യും. രോഗവ്യാപന ഭീഷണി നിലനിൽക്കെ ഡ്യൂട്ടിയിലുള്ള പോലീസ്, ആരോഗ്യം തുടങ്ങിയ രംഗങ്ങളിലെ ഉദ്യോഗസ്ഥരോട് പൊതുജനം സഹകരിക്കണമെന്നും ജില്ലാ പോലീസ് മേധാവി ആവശ്യപ്പെട്ടു.

അതിനിടെ വിദേശരാജ്യങ്ങളിൽ നിന്നും ജില്ലയിലെത്തിയവരുടെ വിശദവിവരങ്ങളടങ്ങിയ രഹസ്യസ്വഭാവമുള്ള ഔദ്യോഗിക രേഖ 'ട്രാവലേഴ്സ് ഡീറ്റയിൽസ്' എന്ന പേരിൽ

പൊതുജനങ്ങളുൾപ്പെടുന്ന സോഷ്യൽ മീഡിയാ ഗ്രൂപ്പുകളിലൂടെ പുറത്തായത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശാനുസരണം ജില്ലാ പോലീസ് സൈബർസെൽ അന്വേഷണം നടത്തിയിരുന്നു. ഈ രേഖ ജില്ലാ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന കൊറോണ കൺട്രോൾ റൂമിൽ നിന്നും ജില്ലയിലെ വെറ്റിനറി ഡോക്ടർമാരുടേയും ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടേയും വാട്സ്ആപ് ഗ്രൂപ്പുകളിലേക്ക് ഔദ്യോഗികമായി അയച്ചുകൊടുത്തിരുന്നു. വിദേശത്തുനിന്ന് നാട്ടിലെത്തിയവരെ സംബന്ധിച്ച രഹസ്യസ്വഭാവമുള്ള ഈ രേഖ ഒരു ഉത്തരവാദിത്തപ്പെട്ട ഓഫീസറുടെ ഫോണിൽ നിന്നുമാണ് പൊതുജനങ്ങളുടെ വാട്സ്ആപ് അക്കൗ ിൽ എത്തിയത്. അവിടെ നിന്നും വിവിധ സോഷ്യൽമീഡിയ ഗ്രൂപ്പുകളിൽ പ്രചരിക്കുകയും ചെയ്തതായി പ്രാഥമിക അന്വേഷണത്തിൽ സൈബർസെൽ ക ത്തിയതായി ജില്ലാ പോലീസ് മേധാവി അറിയിച്ചു. ഔദ്യോഗികസ്വഭാവമുള്ളതിനാൽ പ്രസ്തുത രേഖ ആരും ഫോർവേഡ് ചെയ്യരുതെന്നും സമൂഹമാധ്യമങ്ങളിൽ നിന്ന് നീക്കം ചെയ്യണമെന്നും പോലീസ് നിർദ്ദേശിച്ചിട്ടു ്. ഔദ്യോഗികരേഖ ചോർന്നതിന്റെ ഉറവിടം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് കൈമാറിയിട്ടു ന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു.

(പിഎൻപി 1397/20)

## പോലീസ് സ്റ്റേഷനുകളിലെ സേവനം ലഭ്യമാക്കാൻ ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്തി

കോവിഡ് 19 ബാധയുടെ പശ്ചാത്തലത്തിൽ പോലീസ് സ്റ്റേഷനുകളിലെ സേവനം ഡിജിറ്റലായി അഭ്യർഥിക്കാൻ സംവിധാനം. പൊലീസ് സ്റ്റേഷനുകളിലേക്ക് പൊതുജനങ്ങൾ നേരിട്ട് എത്തുന്നത് പരമാവധി ഒഴിവാക്കുന്നതിനാണ് ഈ തീരുമാനം.

പോലീസ് സേവനങ്ങൾ നിങ്ങളുടെ വീട്ടുവാതിൽക്കൽ എന്ന് നാമകരണം ചെയ്തിരിക്കുന്ന ഈ പദ്ധതിപ്രകാരം പരാതികൾ, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഉൾപ്പെടെ അപേക്ഷകൾ എന്നിവ ഇ-മെയിൽ, വാട്സാപ്പ്, ഫോൺ തുടങ്ങിയവ മുഖേന നൽകാം. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകളിൽ രസീത് നൽകി ഉടനടി നടപടി സ്വീകരിക്കും. കൈക്കൊ നടപടികൾ 48 മണിക്കൂറിനുള്ളിൽ തന്നെ അപേക്ഷകരെ അറിയിക്കുകയും ചെയ്യും.

അതത് പോലീസ് സ്റ്റേഷനുകളിലെ ഇമെയിൽ വിലാസം, വാട്സ്ആപ് നമ്പർ, ഫോൺ നമ്പർ എന്നിവയ്ക്ക് പരമാവധി പ്രചാരണം നൽകാൻ സംസ്ഥാന പൊലീസ് മേധാവി ലോക് നാഥ് ബെഹ്റ നിർദേശം നൽകി.

(പിഎൻപി 1398/20)

***ഫോട്ടോ അടിക്കുറിപ്പ്: സാമൂഹിക പെൻഷൻ:-*** ചെന്നീർക്കര സർവീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ മാത്തൂർ വാർഡിൽ സാമൂഹിക പെൻഷൻ വീട്ടിലെത്തി കൈമാറുന്നു. (വാർത്ത നേരത്തെ അയച്ചിരുന്നു..)

(പിഎൻപി 1396/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| മാർച്ച് 27<br>**March 27** | **2020** |

**1195 മീനം 14 വെള്ളി**

# പത്രക്കുറിപ്പ് -5

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


**കോവിഡ് 19: അലംഭാവം അരുത്;**
**ജാഗ്രത തുടരണം: ജില്ലാ കളക്ടർ**

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നൽകുന്ന നിർദേശങ്ങൾ പാലിക്കുന്നതിൽ പൊതുജനങ്ങളും ഉദ്യോഗസ്ഥരും അലംഭാവം കാട്ടരുതെന്നും രോഗവ്യാപനം തടയുന്നതിന് അതീവ ജാഗ്രത തുടരണമെന്നും ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷന്മാരും സെക്രട്ടറിമാരുമായി കളക്ടറേറ്റിൽ നിന്നും നടത്തിയ വീഡിയോ കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിരീക്ഷണത്തിൽ കഴിയുന്ന രോഗികൾ പുറത്തിറങ്ങുകയോ, മറ്റുള്ളവരുമായി ഇടപഴകുകയോ ചെയ്യുന്നില്ലെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണം. നിരീക്ഷണത്തിലുള്ളവർ വീടു വിട്ട് പുറത്തു പോകുന്നില്ലെന്ന് തദ്ദേശസ്ഥാപന അധ്യക്ഷനും സെക്രട്ടറിയും ഉറപ്പാക്കണം. നിർദേശങ്ങൾ കൃത്യമായി പാലിച്ചാൽ കോവിഡിൽ നിന്നും വേഗം മുക്തരാകാൻ നമുക്കു സാധിക്കും. സ്ഥിരമായി മരുന്നു കഴിക്കുന്ന ആളുകൾ, നിർധനരായ രോഗികൾ എന്നിവർക്ക് മരുന്ന് ലഭിക്കുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെടാം.

അവശ്യസാധനങ്ങൾ വാങ്ങുന്നതിനായി ജനങ്ങൾ കടകളിൽ തിങ്ങിക്കൂടുന്നത് ഒഴിവാക്കണം. മാർക്കറ്റുകൾ, റോഡുകൾ, ബസ് സ്റ്റോപ്പുകൾ തുടങ്ങിയ പൊതു ഇടങ്ങൾ കൃത്യമായ ഇടവേളകളിൽ അണുവിമുക്തമാക്കണം.

തെരുവിൽ ഉറങ്ങുന്നവർ, അലഞ്ഞു തിരിഞ്ഞു നടക്കുന്നവർ, നിരാലംബർ എന്നിവരെ പുനരധിവസിപ്പിക്കുക, ഭക്ഷണം, വ്യക്തിശുചിത്വം, ആരോഗ്യ പരിരക്ഷ എന്നിവയും

ഉറപ്പാക്കണം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഇതര ആരോഗ്യസംവിധാനങ്ങൾ എന്നിവിടങ്ങളിൽ ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തണം. ഡയാലിസിസ്, ഹൃദയസംബന്ധമായത്, മാനസികാരോഗ്യം തുടങ്ങിയ മരുന്നുകൾ ആവശ്യമുള്ളവർക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കും. വീടുകളിലെ അംഗങ്ങൾക്ക് ആശുപത്രിയിൽ പോകേ ആവശ്യമു ായാൽ നിരീക്ഷണത്തിലുള്ള ആൾ കൂടെ പോകരുത്. ആശുപത്രിയിൽ പോകുന്നതിന് സ്വന്തം വാഹനം ഉപയോഗിക്കുകയോ, പ്രഥമികാരോഗ്യ കേന്ദ്രവുമായോ, ജില്ലാ മെഡിക്കൽ ഓഫീസ് കോൾ സെന്ററുമായോ ബന്ധപ്പെടണം.

ആശവർക്കർമാർ സത്യവാങ്മൂലവുമായി ഐസൊലേഷനിൽ കഴിയുന്നവരുടെ വീടുകളിൽ എത്തുന്ന സാഹചര്യത്തിൽ ഒപ്പിട്ടു നൽകുന്നതിൽ ചില കുടുംബങ്ങൾ വിസമ്മതിക്കുന്നതായി പഞ്ചായത്ത് പ്രസിഡന്റുമാർ അറിയിച്ചു. ഇത്തരം സാഹചര്യത്തിൽ വിസമ്മതിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയാറാക്കണമെന്ന് കളക്ടർ നിർദേശിച്ചു. വീടുകളിൽ സ്റ്റിക്കർ പതിക്കുന്നത് ഒറ്റപ്പെടുത്തുകയാണെന്ന് വീട്ടുകാർ പരാതിപ്പെടുന്നതായും പഞ്ചായത്ത് പ്രസിഡന്റുമാർ പറഞ്ഞു. ഇത് ഒറ്റപ്പെടുത്തൽ അല്ലെന്നും സർക്കാർ തീരുമാന പ്രകാരമുള്ള സാമൂഹിക സുരക്ഷയാണ് ഉറപ്പുവരുത്തുന്നതെന്നും ജില്ലാ കളക്ടർ അറിയിച്ചു. സ്റ്റിക്കർ പതിക്കുന്നതിലൂടെ കൂടുതൽ ശ്രദ്ധ നൽകാൻ സാധിക്കുന്നു ന്നും ഇക്കാര്യം എല്ലാവരും ഉൾക്കൊള്ളണമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

എല്ലാ പഞ്ചായത്തുകളിലും കോൾ സെന്ററുകളുടെ പ്രവർത്തനം തുടങ്ങി. അതിഥി തൊഴിലാളികളുടെ പട്ടികയും വിശദാംശങ്ങളും ശേഖരിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കണം. കൂടുതൽ തൊഴിലാളികൾ ഉള്ള സ്ഥലങ്ങളിൽ കൂടുതൽ ക്യാമ്പ് തുടങ്ങി ഭക്ഷണം നൽകും. ഭക്ഷണം പാകം ചെയ്യുന്നതിനുള്ള സാധനങ്ങളാണ് ആവശ്യമെങ്കിൽ അവയും നൽകും.

തദ്ദേശഭരണസ്ഥാപനങ്ങളിലേക്ക് ആവശ്യമായ മാസ്കുകളും സാനിറ്റൈസറുകളും ലഭ്യമാക്കുമെന്ന് ജില്ലാ കളക്ടർ പറഞ്ഞു. ചെങ്ങറ സമരഭൂമിയിലെയും ആറന്മുള വിമാനത്താവള പ്രദേശത്തെയും നിവാസികൾക്ക് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതു സംബന്ധിച്ച് പട്ടിക തയാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുമെന്നും കളക്ടർ പറഞ്ഞു.

ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം)ഡോ.എ.എൽ. ഷീജ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഷൈമ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1399/20)

## സാമൂഹ്യ അടുക്കള മികവോടെ നടത്തണം: ജില്ലാ കളക്ടർ

എല്ലാ പഞ്ചായത്തുകളിലും കുടുംബശ്രീയുടെ സഹകരണത്തോടെ ആരംഭിച്ചിട്ടുള്ള സാമൂഹ്യ അടുക്കള മികവോടെ നടത്തണമെന്ന് ജില്ലാ കളക്ടർ പി.ബി. നൂഹ് നിർദേശിച്ചു. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷന്മാരും സെക്രട്ടറിമാരുമായി കളക്ടറേറ്റിൽ നിന്നും നടത്തിയ വീഡിയോ കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പഞ്ചായത്തിലെ നിർധനർ, അഗതി കുടുംബങ്ങൾ, കിടപ്പു രോഗികൾ, ഭിക്ഷാടകർ തുടങ്ങിയവർക്കു മാത്രമാണ് സമൂഹ അടുക്കളയിൽ നിന്നും ഭക്ഷണം സൗജന്യമായി ലഭിക്കുക. സൗജന്യഭക്ഷണത്തിന് അർഹരായവരുടെ പട്ടിക ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനമാണ് തയാറാക്കിയിട്ടുള്ളത്. മറ്റുള്ളവർക്ക് 20 രൂപ നിരക്കിലായിരിക്കും ഉച്ചയൂണ് നൽകുക. വീടുകളിൽ ഭക്ഷണം എത്തിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിന്റെ വോളന്റിയർ ടീം രൂപീകരിക്കും. വോളന്റിയർ ടീം വീടുകളിൽ

ഭക്ഷണം എത്തിക്കുന്നതിന് അഞ്ചു രൂപ ചാർജ് നൽകണം. സാമൂഹ്യ അടുക്കളയിൽ നിന്നും എല്ലാവർക്കും ഭക്ഷണം സൗജന്യമായി ലഭിക്കുമെന്ന തെറ്റിദ്ധാരണയിൽ നിരവധിപേർ സമീപിക്കുന്നുവെന്ന് തദ്ദേശഭരണസ്ഥാപന അധ്യക്ഷന്മാർ പറഞ്ഞു. ഇക്കാര്യത്തിൽ ബോധവത്കരണം നൽകണമെന്ന് കളക്ടർ നിർദേശിച്ചു. ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും ആവശ്യമനുസരിച്ച് ഒന്നോ അതിൽ അധികമോ സാമൂഹിക അടുക്കള തുടങ്ങാം. സമൂഹ അടുക്കളയിൽ പാചകത്തിന് ഗ്യാസ് സിലിണ്ടർ വേണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കുമെന്നും കളക്ടർ പറഞ്ഞു. ജില്ലയിലെ ആകെ 53 ഗ്രാമപഞ്ചായത്തുകളിൽ 35 ഇടത്തും നാലു നഗരസഭകളിലും സമൂഹ അടുക്കളയുടെ പ്രവർത്തനം തുടങ്ങി.

ഫോട്ടോ അടിക്കുറിപ്പ്: വിസി ഡിസി:-

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികളുമായി കളക്ടറേറ്റിൽ നിന്നും നടത്തിയ വീഡിയോ കോൺഫറൻസിൽ ജില്ലാ കളക്ടർ പി.ബി. നൂഹ് സംസാരിക്കുന്നു.

(പിഎൻപി 1400/20)

.



**പത്തനംതിട്ട ജില്ല**
**കോവിഡ് 19 കൺട്രോൾ സെൽ ബുള്ളറ്റിൻ**
**തീയതി.27.03.2020**

..............................................................................................

പത്തനംതിട്ട ജില്ലയിൽ ഇന്ന്(27) പുതിയ കേസുകൾ ഒന്നും കണ്ടെത്തിയിട്ടില്ല. പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും പ്ലാനിംഗ് മീറ്റിംഗ്, ജില്ലാ കളക്ടർ പി.ബി. നൂഹിന്റെ സാന്നിധ്യത്തിൽ കളക്ടറുടെ ചേമ്പറിൽ കൂടി.

ഇന്നത്തെ(27) സർവൈലൻസ് ആക്ടിവിറ്റികൾ വഴി വിവിധ കേസുകളുടെ 12 പ്രൈമറി കോൺടാക്ടുകളെയും 77 സെക്കൻഡറി കോൺടാക്ടുകളെയും കണ്ടെത്തി.

ജനറൽ ആശുപത്രി പത്തനംതിട്ടയിൽ ഒൻപതു പേരും, ജില്ലാ ആശുപത്രി കോഴഞ്ചേരിയിൽ 10 പേരും, ജനറൽ ആശുപത്രി അടൂരിൽ രണ്ടു പേരും നിലവിൽ ഐസൊലേഷനിൽ ഉണ്ട്.

സ്വകാര്യ ആശുപത്രികളിൽ തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രിയിൽ മൂന്നു പേർ ഐസൊലേഷനിൽ ഉണ്ട്.

ആകെ 24 പേർ വിവിധ ആശുപത്രികളിൽ നിരീക്ഷണത്തിൽ ഉണ്ട്.

ഇന്ന് (27) പുതിയതായി എട്ടു പേരെ ഐസൊലേഷനിൽ പ്രവേശിപ്പിച്ചു.

കഴിഞ്ഞ ന്യൂസ് ബുള്ളറ്റിനുശേഷം ഒരാളെ ഡിസ്ചാർജ് ചെയ്തു. ഇതുവരെ 72 പേരെ ഡിസ്ചാർജ് ചെയ്തിട്ടുണ്ട്. വീടുകളിൽ 410 പ്രൈമറി കോൺടാക്ടുകളും 166 സെക്കൻഡറി കോൺടാക്ടുകളും നിരീക്ഷണത്തിൽ ആണ്. നിലവിൽ വിദേശത്തു നിന്നും തിരിച്ചെത്തിയ 3937 പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 3391 പേരും വീടുകളിൽ നിരീക്ഷണത്തിലാണ്. വിദേശത്ത് നിന്നും തിരിച്ചെത്തിയ 90 പേരെ നിരീക്ഷണത്തിൽ നിന്നും വിടുതൽ ചെയ്തു. ആകെ 7328 പേർ വീടുകളിൽ നിരീക്ഷണത്തിലാണ്.

സർക്കാർ മേഖലയിൽ 60 ബെഡ്ഡുകളും, സ്വകാര്യ മേഖലയിൽ 135 ബെഡ്ഡുകളും രോഗികളെ ഐസൊലേറ്റ് ചെയ്യുന്നതിനായി സജ്ജീകരിച്ചിട്ടുണ്ട്.

ഇന്ന് (27) ജില്ലയിൽ നിന്നും 57 സാമ്പിളുകൾ ഉൾപ്പെടെ ആകെ 456 സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ചു. കഴിഞ്ഞ ബുള്ളറ്റിനുശേഷം 39 നെഗറ്റീവ് പരിശോധന ഫലം ലഭിച്ചിട്ടുണ്ട്.

ജില്ലയിൽ ഇന്നു(27) വരെ അയച്ച സാമ്പിളുകളിൽ 12 എണ്ണം പൊസിറ്റീവായും 267 എണ്ണം നെഗറ്റീവായും റിപ്പോർട്ട് ലഭിച്ചിട്ടു ്. 125 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.

ജില്ലയുടെ അതിരുകളിൽ 146 ടീമുകൾ ഇന്ന് (27) ആകെ 5860 യാത്രികരെ സ്ക്രീൻ ചെയ്തു. ഇവരിൽ രോഗലക്ഷണങ്ങൾ ഉള്ള ആരെയും ക ത്തിയിട്ടില്ല. ആകെ 5450 പേർക്ക് ബോധവത്ക്കരണം നൽകി.

ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 110 കോളുകളും, ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 142 കോളുകളും ലഭിച്ചു. രോഗം സ്ഥിരീകരിച്ചവരുടെ Spatiotemporal mapping ഉപയോഗിച്ചുള്ള പരിശോധനയിൽ ഇന്ന് (27) 14 കോളുകൾ ലഭിച്ചു. വിദേശ രാജ്യങ്ങളിൽ നിന്ന് എത്തിയവരെ സംബന്ധിച്ച് 50 കോളുകൾ ലഭിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്തിയവരെ സംബന്ധിച്ച് 20 കോളുകൾ ലഭിച്ചു. ക്വാറന്റൈനിൽ കഴിയുന്ന ആൾക്കാർ പുറത്തിറങ്ങി നടക്കുന്നത് സംബന്ധിച്ച് മൂന്നു കോളുകൾ ലഭിക്കുകയും വിവരം ജില്ലാ പോലീസ് മേധാവിക്ക് കൈമാറുകയും ചെയ്തു.

ആറ് ഗവൺമെന്റ് ആരോഗ്യസ്ഥാപനങ്ങളിലും ര ് സ്വകാര്യ ആശുപത്രികളിലും നടത്തിയ പരിശീലന പരിപാടിയിൽ ആകെ 30 ഡോക്ടർമാർ, 70 നഴ്സുമാർ, 133 മറ്റ് ജീവനക്കാർ എന്നിവർ ഉൾപ്പെടെ 233 പേർക്ക് പരിശീലനം നൽകി.

788 അതിഥി തൊഴിലാളികളെ ലേബർ വകുപ്പിന്റെ സഹകരണത്തോടുകൂടി സ്ക്രീനിംഗിന് വിധേയമാക്കി. ഇവരിൽ നാലു പേരിൽ രോഗലക്ഷണങ്ങൾ ക ത്തി ഇവരെ ഹോം ഐസൊലേഷനിൽ പ്രവേശിപ്പിച്ചു.

വോളന്റിയർമാർ ഇന്ന് (27) ഗൃഹസന്ദർശന പരിപാടിയിൽ പങ്കെടുക്കുകയും, ആകെ 4812 വീടുകൾ സന്ദർശിക്കുകയും ചെയ്തു.

ജില്ലയിലെ എല്ലാ മുനിസിപ്പാലിറ്റികളിലെയും, ഗ്രാമപഞ്ചായത്തുകളിലെയും, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുമായി ജില്ലാ കളക്ടറും, ജില്ലാ മെഡിക്കൽ ഓഫീസറും വീഡിയോ കോൺഫറൻസ് നടത്തി.

ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ദൈനംദിന അവലോകനയോഗം വൈകുന്നേരം ആറിന് ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്നു.